## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച പുതിയ ഓഫീസ് മന്ദിര ഉദ്ഘാടന ചടങ്ങിന് 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം) രൂപ തനത് ഫണ്ടിൽ നിന്നും ഉപയോഗിക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 2974/13/തസ്വഭവ തിരുവനന്തപുരം, തീയതി:04.12.2013.

==============================================================

പരാമർശം:-1) 16.02.2006-ലെ ജി.ഒ (എം.എസ്)58/06/തസ്വഭവ.

2) ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിന്റെ 23.09.2013-ലെ 1 (c)-)ം നമ്പർ തീരുമാനം.

3) പഞ്ചായത്ത് ഡയറക്ടറുടെ 07.10.2013-ലെ ജി1-37824/13 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള പുതിയ ഓഫീസ് മന്ദിരം ഹൈജീനിക് മത്സ്യ മാർക്കറ്റ്, കെ.എസ്.ആർ.റ്റി.സി ബസ്സ്റ്റാന്റ്, കുടുംബശ്രീ സ്ഥിരം വിപണന കേന്ദ്രം, പകൽവീട് എന്നിവയുടെയെല്ലാം ഉദ്ഘാടന ചടങ്ങിന്റെ പ്രചാരണം, മൈക്ക് അനൗൺസ്മെന്റ്, പത്രങ്ങളിൽ സപ്ലിമെന്റ്, സ്റ്റേജ് തുടങ്ങിയ ചിലവുകൾക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2,00,000/- (രണ്ട് ലക്ഷം) രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് പരാമർശം 2 (രണ്ട്) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷിച്ചിരുന്നു. ആയത് പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 (മൂന്ന്) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പൊതു ചടങ്ങുകൾ സംഘടിപ്പിക്കുന്നതിന് തനതു വരുമാനത്തിന്മേലുള്ള മിച്ച ഫണ്ടിന്റെ ഇരുപതു ശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും വഹിക്കുന്നതിന് വാർഷിക പരിധി നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നിയമാനുസൃതമല്ലാത്ത പരസ്യ ചെലവുകൾ അസാധാരണ ചെലവിനത്തിൽ വഹിക്കാൻ പാടില്ലാത്തതാകുന്നു. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വിശദാംശങ്ങളിൽ പത്രങ്ങളിൽ പരസ്യം/സപ്ലിമെന്റ് ഇനത്തിൽ 2,00,000/- (രണ്ട് ലക്ഷം) രൂപ വകയിരുത്തിയിരിക്കുന്നു. ആയത് അനുവദനീയമല്ല.

ഈ സാഹചര്യത്തിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള പുതിയ ഓഫീസ് മന്ദിരം ഹൈജീനിക് മത്സ്യ മാർക്കറ്റ്, കെ.എസ്.ആർ.റ്റി. സി ബസ് സ്റ്റാന്റ്, കുടുംബശ്രീ സ്ഥിരം വിപണന കേന്ദ്രം, പകൽവീട് എന്നിവയുടെ ഉദ്ഘാടന ചടങ്ങിന്റെ പ്രചാരണം, മൈക്ക് അനൗൺസ്മെന്റ്, സ്റ്റേജ് തുടങ്ങിയ പ്രതീക്ഷിത ചെലവുകൾക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പരമാവധി 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം) രൂപ വരെ ചെലവഴിക്കുന്നതി

ലേയ്യായി പരാമർശം 1-ലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ പത്രങ്ങളിലെ പരസ്യം/സപ്ലിമെന്റ് ഇനത്തിൽ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നിരസിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വത്സല**

ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ